# Mathrubhumi

## 23 August 2018

## Muvattupuzha, After Flood, Flood Victims



# ജീവിതം കൈനീട്ടിപ്പിടിച്ച്

കനലെരിയുമ്പോൾ...

പ്രളയത്തിൽ സർവ്വവും നഷ്ടപ്പെട്ടവർ ഇപ്പോൾ ജീവിതത്തിലേക്ക് മടങ്ങിവരികയാണ്. മൂവാറ്റുപുഴ റാക്കാട് പാണ്ടാലിൽ ചെല്ലപ്പന്റെ വീട്ടിലെ സർവ്വസവും വെള്ളപ്പൊക്കം കൊണ്ടുപോയി. ദുരിതാശ്വാസ ക്യാമ്പിൽ നിന്ന് വീട്ടിലെത്തിയ ശേഷം അടുപ്പിൽ തീയൂതുകയാണ് |ഫോട്ടോ: ടി.കെ. പ്രദീപ്കുമാർ

# തളർത്താനാവില്ല ഒരു പ്രളയത്തിനും

മൂവാറ്റുപുഴ ▸ ഒരുപിടി വെള്ളയരി അരികു ചളുങ്ങിയ പാത്രത്തിൽ കഴുകിയൂറ്റുമ്പോൾ 83 കഴിഞ്ഞ ചെല്ലപ്പൻ ചേട്ടന് ജീവിതത്തെ കൈനീട്ടിപ്പിടിച്ചതിന്റെ കരുത്താണ്. പുകയൂതിയൂതി കത്തിച്ച അടുപ്പിൽ വേവാനിരിക്കുന്ന വറ്റിന് വല്ലാത്ത രുചിയാണെന്ന് ആ മുഖം പറഞ്ഞുകൊണ്ടിരുന്നു.

ഇത് പ്രളയം ഊറ്റിക്കുടിച്ച വാളകം പഞ്ചായത്തിലെ റാക്കാട് നാന്തോട് ഭാഗത്ത് പുതു ജീവിതത്തോടടുക്കുന്നവരുടെ കാഴ്ച. പാണ്ടാലിൽ വീട്ടിൽ ചെല്ലപ്പൻ ചേട്ടന്റെ ഓർമയിലില്ല ഇത്ര വലിയ പ്രളയം. ഓടിട്ട ഒറ്റനില വീടിന്റെ മുകളറ്റം വരെ വെള്ളം വന്നു. ഉത്തര ബന്ധത്തിൽ നിരത്തിയിട്ടിരുന്ന അഞ്ചാറ് പലകയിൽ ചെല്ലപ്പനെ കൂടാതെ മൂന്നു കുട്ടികളും രോഗിയായ അമ്മയുമടക്കം 10 പേരാണ് രണ്ട് ദിവസം മുഴുവൻ കഴിച്ചുകൂട്ടിയത്. പ്രായം തോൽപ്പിക്കാത്ത മനക്കരുത്തുമായി പ്രളയത്തിന്റെ ഉൾക്കിടിലങ്ങൾക്ക് നിന്നുകൊടുക്കാതെ ജീവിതത്തെ തിരിച്ചുപിടിക്കുകയാണ് 83-ാം വയസ്സിലും ഈ മനുഷ്യൻ. പ്രയാസങ്ങൾ ഇനിയും വരാം. ഓർത്തിരുന്ന് നേരം കളയാനില്ല. അടുപ്പിൽ തീ ഊതിപ്പിടിപ്പിച്ച് പാതി കഴുകി വച്ച അരിയിൽ ഒന്നുകൂടി വെള്ളമൊഴിച്ച് അടുക്കളയിലേക്ക് കടന്നു. കലത്തിലേക്ക് അരി വാരിയിട്ട് ആ ദിവസങ്ങളുടെ ഓർമകൾ വിവരിച്ചു.

കാൽവിരൽ മുറിച്ച് നടക്കാൻ പ്രയാസത്തിലായ 74 കഴിഞ്ഞ സരോജിനിയെ നിലത്ത് രണ്ട് മേശകൾ ഒന്നിനുമേലെ ഒന്നായി വച്ച് അതിനു മുകളിൽ സ്റ്റൂളിട്ടിരുത്തി. മച്ചുപലകയിൽ വിരലൂന്നി നിന്ന് ഒഴുക്കുവെള്ളത്തിന്റെ ഓളത്തിൽ സ്റ്റൂൾ ഇളകാതെ പിടിച്ചുകൊണ്ട് രണ്ട് ദിവസം എന്റെ മക്കൾ നിന്നു കഴിച്ചു കൂട്ടി. അടുത്തടുത്ത് താമസിക്കുന്ന ചേട്ടാനുജൻമാരുടെ വീടെല്ലാം മുങ്ങിയപ്പോൾ അല്പം ഉയരത്തിലുള്ള തറവാട്ട് വീട്ടിലേക്ക് എല്ലാവരും വന്നതാണ്. മച്ചിനു പകരം അഞ്ചാറ് പലകകൾ നിരത്തിയ തട്ടിൻപുറത്ത് മൂന്നു കുഞ്ഞു മക്കളെ കയറ്റിയിരുത്തി. പിന്നെ ചെല്ലപ്പനേയും സ്ത്രീകളേയും കയറ്റി. ജഗദീഷും ചേട്ടൻമാരും ചേർന്ന് അമ്മയെ പിടിച്ച് നിന്നു. അച്ഛനും മക്കൾക്കും കാവലായി.

റാക്കാട് ഗ്രാമത്തിലെ സാഹസികരായ ചെറുപ്പക്കാരുടെ മനസ്സാന്നിധ്യവും കരുത്തും നിശ്ചയദാർഢ്യവും ഒന്നുകൊണ്ടുമാത്രമാണ് മറ്റു പലർക്കുമൊപ്പം കുടുംബത്തിലെ 10 ജീവനുകൾ രക്ഷപ്പെട്ടതെന്ന് ചെല്ലപ്പൻ പറയുന്നു. 2013-ൽ വെള്ളം മുറ്റത്തോളമേ വന്നുള്ളൂ. ഇക്കുറി കണക്കു കൂട്ടലുകൾ മാറിപ്പോയി. സർവവും ഒഴുകിപ്പോയി. വീടിന്റെ പിന്നിലെവിടെയൊക്കെയോ തളർച്ചകൾ വന്നു കഴിഞ്ഞിരിക്കുന്നു. ഇത് പറയുമ്പോഴൊന്നും ചെല്ലപ്പൻ ചേട്ടൻ പതറിയില്ല. വാക്കും മനസ്സും ഉലഞ്ഞില്ല. "ജീവിതം ഇങ്ങനെയാണ്, അത് നമ്മെ തോൽപ്പിക്കാൻ ശ്രമിക്കുമ്പോഴെല്ലാം നാം ജയിച്ചു കൊണ്ടേയിരിക്കും" എന്നു പറയുന്നതുപോലെ തോന്നി ആ മനുഷ്യൻ.